# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : *483      23.03.2018 -ന് മറുപടിയ്ക്ക്

## പിന്നാക്ക വിഭാഗ വികസന പദ്ധതികൾ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. വി. ജോയി :<br>ശ്രീ. പി. ടി. എ. റഹീം :<br>ശ്രീ. കെ. ജെ. മാക്സി :<br>ശ്രീ. എം. നൗഷാദ് : | ശ്രീ. എ. കെ. ബാലൻ<br>(പട്ടികജാതി - പട്ടികവർഗ്ഗ പിന്നാക്ക സമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) |
| (എ) പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ മുഖേന പ്രൊഫഷണലുകൾക്ക് മുൻഗണന നൽകിക്കൊണ്ട് തൊഴിൽ സംരംഭങ്ങൾക്കായി സബ്സിഡിയോടെ വായ്പ നൽകാനുള്ള പദ്ധതിയുടെ വിശദാംശം നൽകുമോ ; ഇതിനായി എത്ര തുക നീക്കി വച്ചിട്ടുണ്ടെന്ന് അറിയിക്കാമോ ; | (എ) പിന്നാക്ക വിഭാഗ വികസന വകുപ്പും പിന്നാക്ക വിഭാഗ വികസന കോർപ്പറേഷനും സംയുക്തമായി, പിന്നാക്ക വിഭാഗത്തിൽപ്പെട്ട പ്രൊഫഷണൽ ബിരുദധാരികൾക്ക് സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിച്ച് നടപ്പിലാക്കുന്നതിനായി 2017-18 മുതൽ ആവിഷ്കരിച്ചിട്ടുള്ള വായ്പാ പദ്ധതിയാണ് സ്റ്റാർട്ട്അപ് വായ്പാ പദ്ധതി. പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ പദ്ധതിയ്ക്കാവശ്യമായ തുക വായ്പയായി അനുവദിക്കുമ്പോൾ 20% തുക അല്ലെങ്കിൽ പരമാവധി 2 ലക്ഷം രൂപാ വരെ പിന്നാക്ക വിഭാഗ വികസന വകുപ്പ് സബ്സിഡിയായി അനുവദിക്കുന്നു. പദ്ധതി പ്രകാരം പരമാവധി 20 ലക്ഷം രൂപ വരെ വായ്പയായി അനുവദിക്കുന്നതാണ്. ഗ്രാമപ്രദേശത്ത് 98,000/- രൂപ വരെയും നഗരപ്രദേശത്ത് 1,20,000/- രൂപ വരെയും വാർഷിക വരുമാനമുള്ളവർക്ക് 5 ലക്ഷം രൂപ വരെ 6% പലിശ നിരക്കിലും അതിനുമുകളിൽ 20 ലക്ഷം രൂപ വരെ 7% പലിശ നിരക്കിലും വായ്പ ലഭിക്കും. തിരിച്ചടവ് കാലയളവ് 84 മാസം വരെ. അപേക്ഷകൻ സംസ്ഥാനത്തെ ഒ.ബി.സി. വിഭാഗത്തിൽ ഉൾപ്പെട്ടവരും ബിരുദ തലത്തിലുള്ള പ്രൊഫഷണൽ കോഴ്സുകൾ (MBBS, BDS, BAMS, B.Tech |

(.....2)

BHMS, B.Arch, MBA, LLB, Hotel Management, Tourism Management മുതലായവ) വിജയകരമായി പൂർത്തീകരിച്ച വരുമായിരിക്കണം. പ്രായം 40 വയസ്സ് കവിയാൻ പാടില്ല. വായ്പ തുകയുടെ 20% (പരമാവധി 2 ലക്ഷം രൂപ) പിന്നാക്ക വിഭാഗ വികസന വകുപ്പ് സബ്സിഡിയായി അനുവദിക്കും. 2017-18 സാമ്പത്തിക വർഷം ടി പദ്ധതിക്കായി 50 ലക്ഷം രൂപയാണ് പിന്നാക്ക വിഭാഗ വികസന വകുപ്പ് നീക്കി വച്ചിട്ടുള്ളത്.

(ബി) പിന്നാക്ക വിഭാഗത്തിൽപ്പെട്ടവർക്കായി നടപ്പിലാക്കുന്ന എംപ്ലോയബിലിറ്റി എൻഹാൻസ്മെന്റ് പദ്ധതിയുടെ വിശദാംശം അറിയിക്കാമോ ?

(ബി) പിന്നാക്ക വിഭാഗങ്ങളിലെ ഉദ്യോഗാർത്ഥികളുടെ മത്സരശേഷി വർദ്ധിപ്പിക്കുന്നതിനും സ്വയം തൊഴിൽ സംരംഭകരുടെ സംരംഭകത്വം വളർത്തുന്നതിനും ലക്ഷ്യമിട്ട് നടപ്പിലാക്കുന്ന പദ്ധതിയാണ് എംപ്ലോയബിലിറ്റി എൻഹാൻസ്മെന്റ് പദ്ധതി.

മെഡിക്കൽ/എഞ്ചിനീയറിംഗ് എൻട്രൻസ് പരീക്ഷാ പരിശീലനം, സിവിൽ സർവ്വീസ് പരീക്ഷാ പരിശീലനം, ബാങ്കിംഗ് സർവ്വീസ് പരീക്ഷാ പരിശീലനം, യു.ജി.സി / നെറ്റ് / ഗേറ്റ് / മാറ്റ് പരീക്ഷാ പരിശീലനം എന്നിവയാണ് ടി സ്കീം വഴി ആനുകൂല്യം അനുവദിക്കുന്ന മത്സര പരീക്ഷാ പദ്ധതികൾ.

വയനാട്ടിലെ അരിവാൾകോശ രോഗ ബാധിതർക്ക് സ്വയം തൊഴിൽ സംരംഭങ്ങൾ, ഒ.ബി.സി. പ്രൊഫഷണലുകൾക്ക് സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള പദ്ധതി എന്നിവയാണ് എംപ്ലോയബിലിറ്റി എൻഹാൻസ്മെന്റ് പദ്ധതി പ്രകാരമുള്ള സ്വയം തൊഴിൽ പദ്ധതികൾ.

ടി പദ്ധതികൾ സംബന്ധിച്ച വിശദാംശം അനുബന്ധമായി ചേർക്കുന്നു.

സെക്ഷൻ ഓഫീസർ

അനുബന്ധം

## തൊഴിലവസരങ്ങൾ ഉയർത്തുന്ന പരിപാടി / പരിശീലനം

## (എംപ്ലോയബിലിറ്റി എൻഹാൻസ്മെന്റ് പ്രോഗ്രാം)

### A) മെഡിക്കൽ/എഞ്ചിനീയറിങ്ങ് എന്റട്രൻസ് പരിശീലനം

പിന്നാക്ക സമുദായങ്ങളിലുൾപ്പെട്ട സാമ്പത്തിക ശേഷി കുറവുള്ള വിദ്യാർത്ഥികൾക്ക് 2017-2018 ലെ മെഡിക്കൽ എഞ്ചിനീയറിങ് പ്രവേശന പരീക്ഷയിൽ അവസരം ഒരുക്കൽ.

മെഡിക്കൽ എഞ്ചിനീയറിങ് പ്രവേശന പരീക്ഷകൾക്ക് വിദ്യാർത്ഥികളെ പരിശീലിപ്പിക്കുന്ന പ്രശസ്തിയും പാരമ്പര്യവും ഉള്ള സ്ഥാപനങ്ങളിൽ പരിശീലനം തേടുന്ന വിദ്യാർത്ഥികൾക്ക് മാനദണ്ഡങ്ങൾ പ്രകാരം ട്യൂഷൻ ഫീസും മെയിന്റനൻസ് അലവൻസും ഇനത്തിൽ സാമ്പത്തിക സഹായം അനുവദിക്കുന്നു.

**അർഹതാ മാനദണ്ഡവും ധനസഹായ നിരക്കും :-**

യോഗ്യതാ പരീക്ഷയിൽ അറുപത് ശതമാനമോ അതിന് മുകളിലോ മാർക്ക്/ഗ്രേഡ് കരസ്ഥമാക്കിയ 4.5 ലക്ഷം രൂപ വരെ വാർഷിക വരുമാനമുള്ള 1333 പേർക്ക് ട്യൂഷൻ ഫീസിനത്തിൽ പരമാവധി 20.000 രൂപയും. പ്രതിമാസം 1000 രൂപ വീതം മെയിന്റനൻസ് അലവൻസ് ആയി 10.000 രൂപയും സഹിതം **30,000** രൂപ അനുവദിക്കുന്നു.

**തെരഞ്ഞെടുപ്പ് രീതി**

പദ്ധതി സംബന്ധിച്ച് പിന്നാക്ക വിഭാഗ വികസന വകുപ്പ് ഡയറക്ടർ വാർത്താ മാധ്യമങ്ങളിലൂടെ നൽകുന്ന അറിയിപ്പിന്റേയും പരസ്യത്തിന്റേയും അടിസ്ഥാനത്തിൽ നിശ്ചിത മാതൃകയിൽ അപേക്ഷ ക്ഷണിക്കുന്നു. അതനുസരിച്ച് നിശ്ചയിച്ചിട്ടുള്ള അവസാന തീയതിക്ക് മുൻപ് ലഭിക്കുന്ന അപേക്ഷകളിൽ നിന്നും ഹയർ സെക്കന്ററി പരീക്ഷയ്ക്ക് ലഭിച്ച മാർക്കിന്റെ അടിസ്ഥാനത്തിൽ തെരഞ്ഞെടുക്കുന്നു. മെയിന്റനൻസ് അലവൻസിന് അർഹരായ വിദ്യാർത്ഥികൾക്ക് മാർക്കിനൊപ്പം കുറഞ്ഞ വരുമാനവും മാനദണ്ഡമാക്കും.

### B) ബാങ്കിങ്ങ് സർവ്വീസ് പരീക്ഷകൾക്കുള്ള പരിശീലനം

പിന്നാക്ക സമുദായങ്ങളിലുൾപ്പെട്ട സാമ്പത്തിക ശേഷി കുറവുള്ള ഉദ്യോഗാർത്ഥികൾക്ക് ബാങ്കിങ് മേഖലകളിൽ ഉദ്യോഗം ലഭിക്കുന്നതിന് ആവശ്യമായ മത്സര പരീക്ഷകൾക്ക് തയ്യാറെടുക്കുന്നതിനുവേണ്ട സാമ്പത്തിക സഹായം ലഭ്യമാക്കൽ.

ബാങ്കിംഗ് പ്രവേശന പരീക്ഷകൾക്ക് വിദ്യാർത്ഥികളെ പരിശീലിപ്പിക്കുന്ന പ്രശസ്തിയും പാരമ്പര്യവും ഉള്ള സ്ഥാപനങ്ങളിൽ പരിശീലനം തേടുന്ന വിദ്യാർത്ഥികൾക്ക് ട്യൂഷൻ ഫീസും മെയിന്റനൻസ് അലവൻസും ഇനത്തിൽ സാമ്പത്തിക സഹായം അനുവദിക്കുന്നു. സ്വകാര്യസ്ഥാപനങ്ങളുടെ പ്രശസ്തി/പാരമ്പര്യം സംബന്ധിച്ച അവസാന തീരുമാനം പിന്നാക്ക സമുദായ വികസന വകുപ്പിന്റേതായിരിക്കും.

**അർഹതാ മാനദണ്ഡവും ധനസഹായ നിരക്കും :-**

നിശ്ചിത യോഗ്യത നേടിയ 4.5 ലക്ഷം രൂപ വരെ വാർഷിക വരുമാനമു ളള 250 പേർക്ക് വാർഷിക ട്യൂഷൻ ഫീസായി 10000 രൂപയും 1000 രൂപ പ്രതിമാസ മെയിന്റനൻസ് അലവൻസായി 10000 രൂപയും സഹിതം ആകെ 20000 രൂപ വീതം അനുവദിക്കുന്നു.

**തെരഞ്ഞെടുപ്പ് രീതി**

പദ്ധതി സംബന്ധിച്ച് പിന്നാക്ക വിഭാഗ വികസന വകുപ്പ് ഡയറക്ടർ വാർത്താ മാധ്യമങ്ങളിലൂടെ നൽകുന്ന അറിയിപ്പിന്റേയും പരസ്യത്തിന്റേയും അടിസ്ഥാനത്തിൽ നിശ്ചിത മാതൃകയിൽ അപേക്ഷ ക്ഷണിക്കുന്നു. അതനുസരിച്ച് നിശ്ചയിച്ചിട്ടുളള അവ സാന തീയതിക്ക് മുൻപ് ലഭിക്കുന്ന അപേക്ഷകളിൽ നിന്നും യോഗ്യതാ പരീക്ഷയ്ക്ക് ലഭിച്ച മാർക്കിന്റെ അടിസ്ഥാനത്തിൽ തെരഞ്ഞെടുക്കുന്നു. മെയിന്റനൻസ് അലവൻസിന് അർഹരായ വിദ്യാർത്ഥികൾക്ക് മാർക്കിനൊപ്പം കുറഞ്ഞ വരുമാനവും മാനദണ്ഡമാക്കും.

## C) സിവിൽ സർവ്വീസ് പരീക്ഷാ പരിശീലനം

പിന്നാക്ക സമുദായങ്ങളിലുൾപ്പെട്ട നോൺക്രീമിലെയർ വിഭാഗത്തിൽ വരുന്ന ഉദ്യോഗാർത്ഥികൾക്ക് സിവിൽ സർവ്വീസിൽ പ്രവേശിക്കുന്നതിന് ആവശ്യമായ മത്സര പരീക്ഷകൾക്ക് തയ്യാറെടുക്കുന്നതിന് സാമ്പത്തിക സഹായം ലഭ്യമാക്കൽ

സിവിൽ സർവ്വീസ് പരിശീലനത്തിൽ ഉദ്യോഗാർത്ഥികളെ പരിശീലിപ്പിക്കുന്ന പ്രശ സ്തിയും പാരമ്പര്യവും ഉളള സ്ഥാപനങ്ങളിൽ പരിശീലനം തേടുന്ന വിദ്യാർത്ഥികൾക്ക് ട്യൂഷൻ ഫീസും മെയിന്റനൻസ് അലവൻസും ഇനത്തിൽ സാമ്പത്തിക സഹായം അനുവദിക്കുന്നു. സ്വകാര്യസ്ഥാപനങ്ങളുടെ പ്രശസ്തി/പാരമ്പര്യം സംബന്ധിച്ച അവ സാന തീരുമാനം പിന്നാക്ക സമുദായ വികസന വകുപ്പിന്റേതായിരിക്കും. സർക്കാർ നിയന്ത്രിത സ്ഥാപനങ്ങളിൽ പ്രവേശനം ലഭിച്ചവർക്ക് മുൻഗണന നൽകും.

**അർഹതാ മാനദണ്ഡവും ധനസഹായ നിരക്കും :-**

പിന്നാക്ക സമുദായങ്ങളിലെ നോൺക്രീമിലെയർ വിഭാഗത്തിൽപ്പെട്ട സിവിൽ സർവ്വീസ് പ്രവേശനത്തിനുളള യോഗ്യതയുളള 50 പേർക്ക് 50000 രൂപാ (യഥാർത്ഥ ട്യൂഷൻ ഫീസ് /പരമാവധി 25000 രൂപ ട്യൂഷൻ ഫീസും 2500 രൂപ പ്രതിമാസ മെയിന്റനൻസ് അലവൻസ് ഇനത്തിലും) വീതം അനുവദിക്കുന്നു. 50 X 50000 = 25 ലക്ഷം. അപേക്ഷകരുടെ എണ്ണം അധികമായാൽ മുൻപ് പ്രിലിമിനറി പരീക്ഷ ജയിച്ച വർക്കും. കുറഞ്ഞ വരുമാനമുളളവർക്കും മുൻഗണന നൽകും. നടപ്പു വർഷം സംസ്ഥാന സർക്കാർ നിയന്ത്രണത്തിലുളള സിവിൽ സർവ്വീസ് അക്കാദമിയിലും, സംസ്ഥാനത്തും സംസ്ഥാനത്തിന് പുറത്തുമുളള പ്രശസ്ത സ്ഥാപനങ്ങളിലും പ്രവേശനം നേടിയവർക്ക് സ്ഥാപന മേധാവിയിൽ നിന്നുളള സാക്ഷ്യപത്രത്തിന്റേയും ശുപാർശയു ടേയും അടിസ്ഥാനത്തിൽ 2 ഗഡുക്കളായി തുക അനുവദിക്കുന്നതാണ്.

## D) UGC/NET/ JRF/MAT/GATE പരീക്ഷകൾക്കുള്ള പരിശീലനം

സംസ്ഥാനത്തെ പിന്നാക്ക വിഭാഗങ്ങളിൽ നിന്നും ബിരുദാനന്തര ബിരുദ പരീക്ഷ പാസ്സായവർക്ക് UGC/NET/JRF പരീക്ഷകളിൽ പരിശീലനം ലഭ്യമാക്കുന്നതിന് ഗ്രാന്റ് നൽകുന്നതിന് ലക്ഷ്യമിടുന്നു. അതോടൊപ്പം എഞ്ചിനീയറിംഗ് / മാനേജ്മെന്റ് കോഴ്സുകളിലെ ഉപരിപഠനത്തിനുള്ള GATE/MAT പരീക്ഷകളിലും ഒ.ബി.സി വിഭാഗം വിദ്യാർത്ഥികളുടെ മത്സരശേഷി വർദ്ധിപ്പിക്കുന്നതിനുള്ള പരിശീലനം നൽകുന്നതിനും ലക്ഷ്യമിടുന്നു.

സംസ്ഥാനത്തെ ഒ.ബി.സി വിഭാഗങ്ങളിലെ കുടുംബ വാർഷിക വരുമാനം 2.5 ലക്ഷം അധികരിക്കാത്ത ഉദ്യോഗാർത്ഥികൾ / വിദ്യാർത്ഥികൾ. ഓരോ മത്സര പരീക്ഷയുടേയും അടിസ്ഥാന വിദ്യാഭ്യാസ യോഗ്യതയിൽ 60% ത്തിലേറെ മാർക്ക് നേടിയവരായിരിക്കണം. UGC / JRF പരീക്ഷകളിൽ മാനവിക വിഷയങ്ങളിൽ ഒ.ബി.സി വിഭാഗത്തിന് അപേക്ഷിക്കാനുള്ള അടിസ്ഥാന മാർക്ക് ശതമാനം മതിയാകുന്നതാണ്.

## E) സിക്കിൾ സെൽ അനീമിയ രോഗികൾക്ക് സ്വയം തൊഴിൽ സഹായ പദ്ധതി

വയനാട്ടിലെ പട്ടികവർഗ്ഗ-പിന്നാക്ക വിഭാഗങ്ങളിൽ കണ്ടുവരുന്ന ഒരു ജനിതക രോഗമാണ് സിക്കിൾ സെൽ അനീമിയ. ഇതിൽ പട്ടികവർഗ്ഗത്തിൽ ഉൾപ്പെടുന്ന ജനവിഭാഗങ്ങൾക്കായി നിരവധി പുനഃരധിവാസ പദ്ധതി നിലവിൽ നടപ്പിലാക്കുന്നുണ്ട്. എന്നാൽ പിന്നാക്ക വിഭാഗങ്ങളിൽ ഉൾപ്പെട്ട വയനാടൻചെട്ടി, മൗണ്ടാടൻ ചെട്ടി, ഇടനാടൻ ചെട്ടി, കുണ്ടുവടിയൻ എന്നീ സമുദായങ്ങൾക്ക് ഇത്തരത്തിൽ ഒരു പദ്ധതി നിലവിലില്ല. വളരെ ക്ലേശകരമായ സാമൂഹ്യ സാഹചര്യങ്ങളിൽ ജീവിക്കുന്ന ഈ രോഗികൾ വളരെയേറെ അവശത അനുഭവിക്കുന്നുണ്ട്. ഈ രോഗികൾ കഠിനമായ ശാരീരിക അദ്ധ്വാനം ആവശ്യമുള്ള ജോലികൾ ചെയ്യുന്നതിന് സാധിക്കുന്നവരല്ല. നാൽപത്തിഅഞ്ച് അൻപത് വയസ്സുവരെ മാത്രമേ ഇവർ പരമാവധി ജീവിക്കുന്നുള്ളൂ. ഈ രോഗം ബാധിച്ചവരുടെ കുടുംബങ്ങൾ പലപ്പോഴും സാമൂഹ്യ ഭ്രഷ്ടിന്റെ കൂടി വക്കിലാണുള്ളത്.

ഈ രോഗികൾക്കുള്ള സ്വയം തൊഴിൽ പദ്ധതിയിലൂടെ ഇവരുടെ കുടുംബങ്ങൾ നേരിടുന്ന സാമ്പത്തിക ബുദ്ധിമുട്ടുകൾ ലഘൂകരിക്കുന്നതിന് ലക്ഷ്യമിടുന്നു.

പദ്ധതി :-

ടി പദ്ധതി പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ മുഖാന്തിരം നടപ്പിലാക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. ഇതിനായുള്ള നിശ്ചിത പ്രൊഫോർമയിലുള്ള അപേക്ഷ ബന്ധപ്പെട്ട രേഖകൾ സഹിതം പിന്നാക്ക വിഭാ വികസന വകുപ്പിന്റെ കോഴിക്കോട് മേഖലാ ഓഫീസിൽ ലഭ്യമാക്കേണ്ടതാണ്. ഈ അപേക്ഷകൾ പിന്നാക്ക വിഭാഗ വികസന കോർപ്പറേഷന്റെ മീനങ്ങാടി മേഖലാ ഓഫീസറുടെ അഭിപ്രായം കുറിപ്പോടുകൂടി സമർപ്പിക്കുന്നതിനും പദ്ധതി തയ്യാറാക്കുന്നതിന് ടി കോർപ്പറേഷന്റെ സേവനം ലഭ്യമാക്കുന്നതുമാണ്. ടി സ്കീമിന്റെ ഗുണഭോക്താക്കൾക്ക് നേരിട്ട് ചെയ്യാവുന്നതും അച്ഛൻ/അമ്മ മറ്റ് ആശ്രിതർ വഴി നടത്താവുന്നതുമായ ചുവടെ രേഖപ്പെടുത്തുന്ന സംരംഭങ്ങൾക്കാണ് സഹായം അനുവദിക്കുക.

1. സ്റ്റേഷനറി സ്റ്റോർ / കൂൾ ബാർ.
2. ഡി.റ്റി.പി. സെന്റർ.
3. പശു വളർത്തൽ
4. കോഴിഫാം.

5. കരകൗശല വസ്തുക്കളുടെ നിർമ്മാണ വിപണനം.

6. ചെറുകിട ഹോട്ടൽ.

7. ഓട്ടോ / പിക്കപ്പ് വാൻ

ഇതു കൂടാതെ ലാഭകരമായി നടപ്പിലാക്കാവുന്ന ഏതു സംരംഭവും അതിന്റെ പ്രായോഗികതയുടെ അടിസ്ഥാനത്തിൽ അനുവദിക്കാവുന്നതാണ്.

അർഹത മാനദണ്ഡം :-

അപേക്ഷകരുടെ കുടുംബ വാർഷിക വരുമാനം 2 ലക്ഷം രൂപയിൽ അധികരിക്കരുത്. ഗുണഭോക്താവ് സംസ്ഥാനത്തെ ഒ.ബി.സി. വിഭാഗത്തിൽ ഉൾപ്പെട്ടവരായിരിക്കണം. സിക്കിൾ സെൽ അനീമിയ രോഗം സംബന്ധിച്ച അസിസ്റ്റന്റ് സർജന്റ് റാങ്കിൽ കുറയാത്ത ഡോക്ടറിൽ നിന്ന് സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്. പ്രായം 50 വയസ്സ് കവിയാൻ പാടില്ല.

## F) ഒ.ബി.സി. വിഭാഗത്തിൽ പ്രൊഫഷണലുകൾക്ക് സ്റ്റാർട്ട് അപ് സംരംഭം തുടങ്ങുന്നതിന് ധനസഹായം

പദ്ധതി കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷനുമായി സഹകരിച്ച് നടപ്പിലാക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. സംരംഭം തുടങ്ങുന്നതിന് പരമാവധി 10 ലക്ഷം രൂപ വരെ വായ്പ ആയി അനുവദിക്കുന്നതിന് ലക്ഷ്യമിടുന്നു. 20% തുക അല്ലെങ്കിൽ പരമാവധി 2,00,000/- രൂപ സബ്സിഡി ആയി നൽകുന്നു. MBBS, BDS, BAMS, B.Tech, BHMS തുടങ്ങിയ പ്രൊഫഷണൽ കോഴ്സ് കഴിഞ്ഞ ബിരുദധാരികളായ അപേക്ഷകർ നിശ്ചിത മാതൃകയിലുള്ള അപേക്ഷ കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ മേഖലാ ഓഫീസുകൾ വഴി സമർപ്പിക്കേണ്ടതും മേഖലാ ഓഫീസർമാർ പദ്ധതിയുടെ പ്രയോഗക്ഷമത പരിശോധിച്ച് വകുപ്പ് ഡയറക്ടർക്ക് അയച്ചു നൽകേണ്ടതുമാണ്. വകുപ്പ് ഡയറക്ടർ, പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർ, ജനറൽ മാനേജർ എന്നിവരടങ്ങിയ സമിതി പദ്ധതികൾ പരിശോധിച്ച് അംഗീകാരം നൽകുന്നു.

കോർപ്പറേഷൻ പദ്ധതിക്ക് ആവശ്യമായ തുക അനുവദിക്കുന്നു. വായ്പാ നിബന്ധനകൾ കോർപ്പറേഷന്റേതായിരിക്കും. പിന്നാക്ക വിഭാഗ വികസന വകുപ്പ് ബാക്ക് എൻഡ് സബ്സിഡി തുക കോർപ്പറേഷന് നൽകുന്നു.

ഗുണഭോക്താക്കളും അർഹതാമാനദണ്ഡവും :-

ഗുണഭോക്താവ് സംസ്ഥാനത്തെ ഒ.ബി.സി. വിഭാഗത്തിൽ ഉൾപ്പെട്ടവരും ബിരുദ തലത്തിലുള്ള പ്രൊഫഷണൽ കോഴ്സുകൾ വിജയകരമായി പൂർത്തീകരിച്ച വരുമായിരിക്കണം. പ്രായം 40 വയസ്സ് കവിയാൻ പാടില്ല. അപേക്ഷകരുടെ കുടുംബ വാർഷിക വരുമാനം 4.5 ലക്ഷം കവിയരുത്.

ടെക്നിക്കൽ ഓഫീസർ